PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

THIRD SESSION—1951

Thursday, *the 22nd February 1951*

Vol: III **OFFICIAL REPORT** **[No. 2**

The Assembly met in the Legislative Chamber, Trivandrum, at Eleven of the clock, on Thursday, the 22nd February 1951, with Mr. Speaker in the Chair.

Announcement regarding Panel of Chairmen

മി. സ്പീക്കർ: ലജിസ്ലേററീവ് അസംബ്ലി എഴാം റൂൾ അനുസരിച്ച്, ഈ സെക്ഷനിലേയ്ക്ക് പാനൽ മാഷ് ചെയർമെൻ ആയി ബഹു. മെമ്പറന്മാരായ വി. മാധവൻ, അലക്സാൻഡർ പറമ്പിത്തറ എന്നിവരെ തെരഞ്ഞെടുത്തിരിക്കുന്നു.

Motion on Address by His Highness the Rajpramukh

Mr. Speaker: Mr. Balakrishna Marar will now move his motion of thanks.

Sri. K. Balakrishna Marar: I move that an Address in the following form be presented to His Highness the Rajpramukh expressing the thanks of the Assembly for the speech delivered by him:

"May it please your Highness,

We, the members of the Legislative Assembly beg leave to thank Your Highness for the Address delivered to this Assembly." ഇതാണ് ഈ സഭയിൽ അവതരിപ്പിക്കണമെന്നു ഞാൻ ഉദ്ദേശിക്കുന്ന പ്രമേയം. രാജപ്രമുഖൻ തിരുമനസ്സിലെ പ്രസംഗത്തെ സംബന്ധിച്ച് ഈ സഭ ഒരഭിപ്രായം പറയുന്നതു് ഇവിടത്തെ മന്ത്രിസഭയുടെ പ്രവർത്തനത്തെപ്പററി ഒരഭിപ്രായം രൂപീകരിക്കുന്നതിനോടു് തുല്യമായിരിക്കുമെന്നു നമുക്കെല്ലാവർക്കും അറിയാം. ഒരു കുപ്പിയിൽ അടച്ചിരിക്കുന്ന വെള്ളം ആ കുപ്പിയുടെ നിറം കാണിക്കുന്നതുപോലെ, രാജപ്രമുഖൻ തിരുമനസ്സിലെ പ്രസംഗത്തിൽ അടങ്ങിയിട്ടുള്ള സാരാംശം മുഴുവനും മന്ത്രിസഭയുടെ ഭരണതന്ത്രത്തിന്റെ വിശദീകരണമാണെന്നു് തെളിഞ്ഞുകാണാം. ഇന്നത്തെ ഗവർമ്മെണ്ടിന്റെ പ്രവർത്തനരീതിയെപ്പററിയോ, ഭരണതന്ത്രജ്ഞതയെപ്പററിയോ നാം ഒരഭിപ്രായം പുറപ്പെടുവിക്കുന്ന അവസരത്തിൽ അപ്രസക്തങ്ങളായ പല കാര്യങ്ങളും നാം വിസ്മരിക്കേണ്ടതായിട്ടുണ്ട്. അതായതു് രാജപ്രമുഖന്റെ പ്രസംഗത്തിലടങ്ങിയിട്ടുള്ള ഇന്നത്തെ ഭരണനയം, അവയുടെ നിർവ്വഹണത്തിലുള്ള പോരായ്മയേയോ തന്നിമിത്തം നാട്ടിലുണ്ടാകാവുന്ന അസമാധാനത്തേയോ ഉണ്ടായിക്കൊണ്ടിരിക്കുന്ന അസംതൃപ്തിയേയോ പരിഹരിക്കത്തക്കവണ്ണം ഒരു നിവാരണമാർഗ്ഗം കണ്ടുപിടിച്ച് അവയെ ലക്ഷ്യപ്രാപ്തിയിൽ എത്തിക്കുന്ന കാര്യത്തിൽ ബഹു. മന്ത്രിമാർ തങ്ങളുടെ സകല കഴിവുകളും പ്രയോഗിക്കേണ്ടതായിട്ടുണ്ട്. ഭരണകാര്യത്തിൽ പല ന്യൂനതകളും കുഴപ്പങ്ങളും ഉണ്ടാകാൻ ഇടയുണ്ട്. എന്നാൽ അവയെ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ കണ്ടുപിടിച്ച് പ്രയോഗത്തിൽ വരുത്തുന്നതിനാണ് നാം ശ്രമിക്കേണ്ടതു്. നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly